STATE LITURGICAL MEET

UNDER THE AUSPICES OF

VISWA VIDYAPEEDHOM

തരംഗങ്ങൾ

By

CHARISMATIC BUREAU

C. M. I. PROVINCIAL HOUSE

TRICHUR - 680 001

On

27th December 1977

പ്രസാധകൻ:
ഫാ. എയ്മാർഡ് സി. എം. ഐ.
'കരിസ്മാററിക് ബ്യൂറോ
പാസ്റ്റർ മിനിസ്ട്രി ആൻഡ് മിഷൻ ഡിപ്പാർട്ടുമെൻറ്
ദേവമാതാ പ്രൊവിൻഷ്യൽ ഹൗസ്
തൃശ്ശൂർ–680 001

RKS
0
LORE
54
COLLEGE



തരംഗങ്ങൾ

ഫാ. ആബേൽ സി. എം. ഐ.

,, വിൻസെൻറ് ,, ,, ,,

,, ഏയ്മാർഡ് ,, ,, ,,

,, ജെ താണിക്കൽ

സംഗീതം:–

സണ്ണിരാജ്, ജോൺ.

DHARMARAM COLLEGE LIBRARY BANGALORE-29

പാടിയവർ:–

കൊട്ടല്ലൂർ ജോസ്, പീററർ, എബ്രാഹം,

വല്ലച്ചിറ പോൾ, മേരി, വസന്ത, ഉഷ

Dharmaram College Library
Acc. No. 84127
Call. No. K100/AB34

1 സ്രഷ്ടാവിൻ നിത്യചൈതന്യമേ

സ്രഷ്ടാവിൻ നിത്യചൈതന്യമേ
സൃഷ്ടങ്ങളിൽ നിത്യപ്രവാഹമേ
ഒഴുകണമേയിന്നു ഹൃദയങ്ങളിൽ
തഴുകണമേ സ്നേഹചിന്തകളാൽ

അനന്തശൂന്യ പരപ്പിൽ മുകളിൽ
ജലവിധാന നിരപ്പിൽ നീ
ചിറകു വിടർത്തി വിരിഞ്ഞവിശ്വം
ചരിക്കുമ്പോൾ നിന്നിൽ തുടിക്കുമ്പോൾ
കൊടുങ്കാററായ് സത്യ തീനാളമായ്
നിറയണമേ ചിന്തകർമ്മങ്ങളിൽ (സ്രഷ്ടാവിൻ)

മനുഷ്യപുത്രനെ നീ നയിച്ചു
ദൈവരാജ്യം പീലി വിടർത്തി
പുതിയാകാശം പുതിയൊരു ഭൂമി
ജീവിത നടുവിലുയർന്നീടുവാൻ
നിതാന്ത ചൈതന്യ പ്രവാഹമേ
സ്വർഗ്ഗശക്തികളൊഴുക്കണമേ

2 തീയാണു നീ

തീയാണ് ഞാൻ കൊടും തീയാണ് ഞാൻ
അഗ്നികൊളുത്തി ഭൂമിയാം ആലയിൽ
ആളിപടരും തീജ്വാല ഞാൻ
സ്വർഗ്ഗംതൊട്ടു ഭൂമിയിലിറങ്ങിയ
സ്നേഹപിതാവിൻ ദീപശിഖ

മാനവമനസ്സിൽകൊടുങ്കാററിന്നലയിൽ
നന്മകൾ കടയും സ്വർഗ്ഗാഗ്നിയായ്
ഭൂമിയാകെ പടർന്നു കടഞ്ഞൊരു
സ്വർഗ്ഗാഭണം തീർക്കും ഞാൻ
സ്വർഗ്ഗപിതാവിനു നൽകിടുവാൻ (തീയാണ്)

സ്വന്തങ്ങളിൽ കൊടുംഭിന്നത വിതച്ചു
ഹൃദയങ്ങൾ പിളർക്കും വിപ്ലവമായ്
സ്വാർത്ഥങ്ങളുരുകും ത്യാഗത്തീയിൽ
സ്നേഹങ്ങളെരിയും തീജ്വാലയായ്
മണ്ണിലിറങ്ങിയ തീഗോളം ഞാൻ (തീയാണ്)

3 യേസുവെ ആണ്ടവരെ

യേസുനാമം പാട പാട—ഇനിമൈപോകുതേ—അവർ
ഇല്ലംവാഴഎന്തൻഇന്തയം—എങ്കിത്തവിക്കുതേ

ഓങ്കുംകുരലൈ കാക്കവേൺടും—ഉൻനാമം പാടവെ
എന്നുള്ളംതേറവേ എൻദാഹം തീരവേ
ഉൻഅൻപിൽ വാഴ്വാ എൻദേവാ ദേവാ (2)
(യേസുനാമം)

തുങ്കുംവിഴികൾതേററവേൺടും വാൻദീപം കാണവെ
ഉൻഅൻപിൽവാഴ്വെഉന്നോട് ചേരവെ
എന്നിൽ നീവാഴ്വാ എൻദേവാ ദേവാ
എന്നിൽ നീവാഴ്വാ എൻദേവ ദേവാ (യേസുനാമം)

4 GOD IS DWELLING IN MY HEART

God is dwelling in my heart,
He and I are one,

All His joy He gives to me,
Throuh Christ His son,

And with Jesus in my heart,
What have I to fear,

For He is the Son of God,
In my heart He is near.

5 PRAISE THE LORD

Praise the Lord, His glories show,
Hallelujah,

Saints within His courts below,
Hallelujah,

Angels round His throne above,
Hallelujah,

All that see and share His love,
Hallelujah.

6 MARIYAA TUJHE PRANAAM (Hindi)

Mariyya tujhe pranaam, tujhe pranaam,
tujhe pranaam !

Tu naari ratno me dhanya, teraa Putra Yesu
hai dhanya,

Tu hai krupaa purna tujha me hi, Prabhu ka
sundara dhaam,

Tujhe pranaam, tujhe pranaam !

Mariyaa, maataa Parmeshwar ki, binati kara
Khaatira hama sab ki,

Aaja aura usa kshanna jaba hama le, jivana
se vishraam,

Tujhe pranaam. tujhe pranaam !

7. REJOICE YE CHILDREN

Rejoice, rejoice, rejoice,
Ye children of the Lord,
Rejoice, rejoice, rejoice, rejoice,
Rejoice ye childrbn of the Lord,
Praise the Lord.....
Raise your hands.....
Read the Word.....
Clap your hands.

8 യേശുവെന്നനാമം

യേശുവെന്നനാമം, ഇമ്പമെഴും നാമം
അൻപെഴുന്നനാമം, തേൻ പൊഴിയും നാമം

(യേശുവെന്ന.....

ഓ.....

1 യേശുവിനാലെ നിറയുമ്പോൾ യേശുവിലെന്നും അലിയുമ്പോൾ
ഉള്ളിൽ മധുര കുളിരണിയാകും യേശുവെന്ന നാമം

യേശുവെന്ന.....

2 അന്തിക്കതിരിൻ ചെന്തീയാൽ സിന്ദൂരപൊടി വാക്കുമ്പോൾ
സന്ധ്യക്കെന്റെ കരളിൽതിങ്ങും യേശുവെന്ന നാമം

(യേശുവെന്ന.....

3 കൂരിരുളെങ്ങും പടരുമ്പോൾ പാതിരാനിദ്ര തിമർത്തീടും
സുന്ദരമംഗളസ്വപ്നം കോർക്കും യേശുവെന്ന നാമം

(യേശുവെന്ന.....

9 യേശുവിലായ് ആനന്ദിപ്പിൻ

യേശുവിലായ് ആനന്ദിപ്പിൻ ആനന്ദിപ്പിൻ നാം
യേശുവത്രെ ആനന്ദത്തിൻ നിത്യപ്രവാഹം
യേശുവിൻെറ പ്രേഷ്ഠരത്രേ നമ്മളെല്ലാരും
യേശുവിനായ് നൽകപ്പെട്ടോർ നമ്മളെല്ലാരും
യേശുവിൽ നാം ഒന്നായൊന്നായ് ചേർന്നിരിക്കുമ്പോൾ
യേശുവിൻെറ സൗഹൃദം നാം പങ്കുവച്ചീടും
യേശുവിൻെറ സോദരർ നാം ആനന്ദിക്കുവിൻ
യേശുവിൽ നാം ആത്തമോദം ആലഞ്ഞീടും
യേശു നമ്മൾക്കാനന്ദത്തിൻ തേൻനിലാവല്ലോ
യേശുവിൽ നാം പുത്തൻജീവൻ നേടിയോരല്ലോ
യേശുവിനെ മോദമോടെ വാഴ്ത്തിപ്പാടിടാം
യേശുവിനെ പാടിപ്പാടി മോദിപ്പിച്ചിടാം
യേശുവിനെ നോക്കി നോക്കി പാർത്തിരിക്കുമ്പോൾ
യേശുവിൻെറ മാധുര്യം നാം ആസ്വദിച്ചീടും

10 മധുരിമ

മധുരിമ പേക്കുന്ന യേശുനാഥാ
മധുരപ്രകാശത്തിൻ സ്നേഹരൂപാ
ഹൃദയശ്രീകോവിലിൽ വാണിടുവാൻ
സദയമെന്നാതിഥ്യം സ്വീകരിക്കൂ
അരുമയാം നിന്നോട് ചൊൽവതിന്നായ്
പുരുമോദം ഞാനൊന്നു വന്നിടട്ടെ
നീയാണെൻ ഹൃത്തിലെ സർവ്വഭൂമൻ
നിന്നിലാണെന്നുടെ സർവ്വഭാഗ്യം
ജീവിതവാടിയിൻ ഞാനൊരുക്കും
മാമകസ്നേഹത്തിനുയലിൽ ന്യ
വന്നാലും ജീവേശാ ജാതമോദം
തന്നാലും നിൻനിത്യ സന്നിധാനം

11 വരികെൻെറ രാജാ

വരികെൻറരാജാ, തരികെൻെറ നാഥാ
മധുരോത്സവം നീ ഹൃദയാനന്ദം

1 കഷ്ടനക്കരാളം കനിവററ ലോകം
കമളിൽ നിറക്കേ തളരുന്ന നേരം (വരികെൻെറ.....

2 ആശാപരാഗം എല്ലാം കരിഞ്ഞു
നാശാപരാധം തിങ്ങുന്നനേരം (വരികെൻെറ.....

3 ഏകാന്തഭീതം ശോകാന്തമൂകം
ആത്മാന്ധകാരം കാളുന്ന നേരം (വരികെൻെറ.....

4 ശോകങ്ങൾ പാടി ദ്രോഹങ്ങളാടി
മോഹങ്ങൾ പാടി നീറുന്ന നേരം (വരികെൻെറ.....

12. മധുരം തരേണമെ

മധുരം തരേണമെ
മധുരം തരേണമെ
ദിവ്യമാം പ്രമോദമെ
മധുരം തരേണമെ

1. ദുഃഖമാം ഇരുൾത്തട്ടിൽ
ഏകന്തേം ത്രസിക്കുമ്പോൾ
ദിവ്യമാം വെളിച്ചമായ്
മധുരം തരേണമെ

3. വീഴ്ചകൾ നിരാശകൾ
മാനസം തപിപ്പിക്കും
നേരമെൻ ചൂന്തെന്നമായ്
മധുരം തരേണമെ

13

ജാതികളെ, ജാതമോദം നാഥനെ വാഴ്ത്തു:
കീർത്തനങ്ങൾ കർത്താവിനായ് അർപ്പിച്ചിടുവിൻ

(ഹല്ലേലൂയ്യാ)

എന്തെന്നാൽ താൻ ചിന്തി നമ്മിൽതൻ പ്രസാദം
സത്യമായ് നിത്യകാലം കർത്താവേ, വാഴ്ക

(ഹല്ലേലൂയ്യാ)

പിതാവിനും, തൻസുതനും ശുദ്ധ റൂഹാക്കും
സ്തോത്രമെന്നും നിത്യകാലം ഉണ്ടാകട്ടെ ആമ്മേൻ.

14. ആത്മാവിൻെറ രാത്രി

St. JOHN of the cross

1 ഇരുളേറും രാത്രിയിലേകയായ് ഞാൻ
നരരാരും കാണാതെ യാത്രയായി
ഹൃദയത്തിൽ സ്നേഹം ജ്വലിച്ചിരുന്നെൻ
സദനമോ സംശാന്തമായിരുന്നു.

2 ഇരുളിൽ ഞാൻ സ്വച്ഛന്ദം സഞ്ചരിച്ചു
നിശയിങ്കൽ പ്രച്ഛന്ന വേഷയായി
പടികൾ ഞാൻ കേറിനടന്നിരുന്നെൻ
ഭവനമോ സംശാന്തമായിരുന്നു

3 നരരാരും കണ്ടില്ലെന്നെന്നെ ഞാനും
തിമിരത്താലാരെയും കണ്ടതില്ല
ഹൃദയത്തിൽ കത്തുന്ന ദീപമെന്യേ
വഴികാട്ടിയാരുമില്ലായിരുന്നു.

15

നിത്യതാതൻ ദുഷ്ടിയിലെൻ സാധുവൃത്തി സകലം നി-
രത്ഥകമെന്നെയറിയുന്നെൻ ജീവിതത്തിൻെറ

പാരം ദൈർഘമാന്ന ബലിയല്ലമൂല്യമായ് ഭവിക്കും
നേരെ നിൻെറ ഹൃദിശ്വാസം വലിച്ചെടുത്താൽ

ഇടിയുടെ ഇരമ്പലിൽ നിയമങ്ങൾ നൽകിയാലും
കടുകിട ഭയമില്ല തളർച്ചയില്ല

ഏഴയാമെനിയ്ക്കായല്ലോ കാൽവരിയിൽ കുരിശിൽ നീ
ഏഴയായി ഭവൽ ചിത്തം പിളക്പ്പെട്ട

അവിടുത്തെ മഹിമാവിൽ തികവിങ്കൽ ദർശിക്കുവാ-
നവികലമാത്മാവെരിപൊരി കൊള്ളണം

വി. കൊച്ചുത്രേസ്യ

16 പുഷ്പവിതരണം

1 ഈശോ നാഥ, സ്നേഹസരിൽപതിയെ, സായാഹ്നം ദിനവും
ക്രൂശിൽ മുമ്പിൽ ഞാൻ വന്നു, നാനാ പുഷ്പസമൂഹം
വത്സരവൃത്തത്തിൽ വിലസും, സോത്സാഹംനുതിയോടു സദാ
വല്ലഭനായ് പൂക്കളെ വിതറീടും (3)

2 മൂല്യമേറും നയനകണത്തെ ഞാൻ, തുത്തുതുടച്ചിടാൻ
മിന്നും പൂക്കൾ ചേർത്തെന്നും നിന്നെത്താലോലിച്ചീടാൻ
മോദത്തോടു വസിച്ചിടുമേ. നാഥാ നിൻ സവിധത്തിലവൾ
വല്ലഭനായ്.....

3 പൂക്കളെല്ലാം, ഏതൊരു തരമെൻെറ ത്യാഗത്തിൻ ബലിയാം
ഏററം ചെറുതാം നെടുവീർപ്പും ഖേദം ചേർന്നൊരു നേരം
ആശകൾ മൽസന്തോഷങ്ങൾ പ്രാർത്ഥനയിങ്ങനെയോരോന്നും
വല്ലഭനായ് പൂക്കളെ വിതറീടും

വി. കൊച്ചുത്രേസ്യ

18

മന്നും വിണ്ണും കൃപ്പുമീശാ, രാപകലെനിക്കായ്
ബന്ദിയായി പാർത്തഭവാൻ നാഴികകൾ തോറും
കേണയാചിച്ചീടും വാണി ഞാൻ ശ്രവിച്ചീടുന്നു.
''ദാഹിക്കുന്നു, ദാഹിക്കുന്നെനിക്കു സദാനേരം (2)
സ്നേഹത്തിനായ് ദാഹിക്കു''ന്നെന്നുള്ള മഹാമന്ത്രം

2

ഭവ്യനങ്ങേ ബന്ദിഞാനങ്ങേയ്ക്കുവേണ്ടിയെന്നും
ദിവ്യവുമാർദ്രവുമായ സേവനം ചെയ്തീടും
ദാഹിച്ചുഴന്നീടുന്നു ഞാനങ്ങേനേരെയുള്ള
സ്നേഹപാരമ്യത്താൽ മൂതി സംവരിച്ചു കൊള്ളാം

3

എന്നുമങ്ങേ സ്നേഹത്തിൽ ഞാൻ ദാഹിച്ചുഴലുന്നു
മന്നിലെ പ്രഭാവമല്പമാത്രമായ് കാണുന്നു
ദിവ്യമാം നിദർശനത്തിൻ സൗഖ്യമാസ്വദിക്കാൻ
കൈവരട്ടെ ഭാഗ്യമെൻറ ന്യായമവകാശം

വി. കൊച്ചുത്രേസ്യ

18 TERAA NOOR (Hindi)

Ch: Teraa noor, teraa noor,
jagame samaayaa huaa hai!
Sakala vishwa terraa banaa banaa huaa hai,
Bane hai tujhi se ye aakaasha dharati!
Sabhi ora jalvaa samaayaa huaa hai!

Chamakhate hai duniyaa me, chandaa au'suraja
Terr iyoti se jagamagaayaa huaa hai;
Gaave hameshaa tere geeta, Swami,
To hi mere dila me samaayaa huaa hai!

19 MAKING MELODY (English)

Making melody in your heart, Unto the king of Kings
Ch: Worship and adore Him, Worship and adore Him,
Making melody in your heart, Unto the King of Kings.
King of Kings and Lord of Lord's Glorify His Name.
Love and serve Him from your heart, Praise His lovely Name
Joy in Him eternally, And bless His Holy Name.
Shout His praises everywhere, The King is coming soon.
Clap your hands unto the Lord, Rejoice forever more.
Love Him, love Him, more and more
And dance before His throne.

(Making Melody.....)

20

യേശു എൻെറ യേശു യേശു എൻെറ യേശു
ആ നല്ല ഇടയൻ നല്ലഇടയൻ
യേശു എൻെറ യേശു

കാൽവരിക്കുന്നിൻെറ കരളിൽ
ക്രൂശിതമായൊരു നാദം
സ്നേഹത്തിൻ സംഗീത ധോരണിയിൽ
പാവനമായൊരു ഗാനം (യേശു)

കുരിശുരം പാതയിൽ ഘോരവനങ്ങളിൽ
കൂട്ടായി നടന്നു നല്ല ഇടയൻ
കൂട്ടംതെററിയ ആടിനെ വീണ്ടും
വാരിപ്പുണരുന്ന നാഥൻ (യേശു)

21

രാജാധിരാജനെ ജീവൻെറ ജീവനെ
രക്ഷകനേശുവെ വണങ്ങിടുന്നു
നിത്യം വണങ്ങിടുന്നു (രാജാധി)
വിണ്ണിലെ പൊൻമുടി കൈവെടിഞ്ഞെന്നു നീ
മന്നിതിൽ മുൾമുടി ചൂടിവാണു (2)
ഗദ്സെമെൻ തോട്ടത്തിൽ ദീനതയാന്നൊരു
ഗദ്ഗദമിന്നുമെന്നും വിതുമ്പിടുന്നു
വിതുമ്പിടുന്നു (രാജാധി)

കാൽവരിക്കുന്നിലെ യാഗത്തിൻ വേദിയിൽ
കാരിരുമ്പാണികൾ നീ ചാർത്തിയില്ലേ
മാനവരക്ഷകനായ് മന്നിതിൽ ജാതനായ
മന്നവനേശുനിനു കുരിശു മാത്രം
(രാജാധി)

സ്വർഗ്ഗീയ ജീവൻെറ മന്ന നൽകീടുവാൻ
സ്വർഗ്ഗസ്ഥ നീ ഭൂവിൽ വാണിടുന്നു
പാപങ്ങൾ പോക്കിയെൻ-
മാനസം നന്മതൻ-
പാവനഗേഹമായ്നീ മാററിടേണേ
മാററിടണേ (രാജാധി)

ക്രിസ്മസ്ഗാനങ്ങൾ

1

സ്തോത്രം നാഥനു സ്വർഗ്ഗത്തിൽ
ശാന്തി മനുഷ്യനു ഭൂമിയിലും
നല്ലൊരു ശരണം മനുജനിതാ
ഭൂമിയിലാകെ സമാധാനം

സർവ്വജനങ്ങൾക്കും സന്തോഷമേകുന്ന
സ്വർലോക സന്ദേശം കേട്ടുകൊൾവിൻ
രാജാധിരാജൻ മിശിഹായി രാത്രിയിൽ
സംജാതനായിതാ ബേസ്ലഹേമിൽ

പിള്ളത്തുണികളാൽ ചുററിപ്പൊതിഞ്ഞൊരു
പൊന്നോമൽക്കുഞ്ഞിനെക്കാണും നിങ്ങൾ
അങ്ങതാ ബേസ്ലഹം ഗ്രാമത്തിലുള്ളൊരു
കാലിത്തൊഴുത്തിലെ പുൽത്തൊട്ടിയിൽ

2

പ്രപഞ്ചരാജൻ കാലിത്തൊഴുത്തിൽ
പിഞ്ചുകുഞ്ഞായ് പിള്ളക്കച്ചയിൽ
പിഞ്ചിളം കൈകൾ കുഞ്ഞിളം കാലുകൾ
മഞ്ഞിൽ പിടച്ചു പിറന്നൊരുനാൾ

പുണ്യജനനിയും പുണ്യപിതാവും
പുത്രനെനോക്കി പുഞ്ചിരിതൂകി
അത്ഭുതംകൊണ്ടൊരു കാല പ്രപഞ്ചം
ആരാധിച്ചരികിൽ കാവൽനിന്നു

കന്യകാപുത്രൻ കണ്ണുകൾചിമ്മി
കൈകൾ വീശിശാന്തിപകർന്നു
മണ്ണും മനവും പുളകമണിഞ്ഞു
കാലിതൊഴുത്തൊരു സ്വർഗ്ഗാലയം (പ്രപഞ്ചരാജൻ)

3

ഭൂമിയിലോ സ്വർഗ്ഗത്തിലേ ക്രിസ്മസ്സ്
ദൂരെ ദൂരെ കിഴക്കെദിക്കിൽ നക്ഷത്രം
ഇവിടെ വീണ്ടും ഹൃദയങ്ങളിൽ ക്രിസ്മസ്സ്
ഭൂമിയിലും സ്വർഗ്ഗത്തിലും ക്രിസ്മസ്സ്

ക്രിസ്മസ്പപ്പാ വന്നില്ലേ
ക്രിസ്മസ്കേക്കു മുറിച്ചില്ലേ
ക്രിസ്മസ്ഗാനം കേട്ടില്ലേ
ക്രിസ്മസ്കരോൾ കണ്ടില്ലേ (ഭൂമിയിലോ)

ഉന്നതത്തിൽ ദൈവത്തിനു സ്തോത്രം
മന്നിടത്തിൽ മനസ്സിലൊരു സ്വർഗ്ഗം
മാനത്തിൻെറ മടിയിൽ കണ്ടൊരു നക്ഷത്രം
വാനവർക്കും മാനവർക്കും ക്രിസ്മസ്സ് (ഭൂമിയിലോ)

4

പുൽക്കൂട്ടിൽ വിടന്നൊരു പൊന്നുഷസ്സിൽ
പുല്ലാംകുഴലൂതി മാലാഖമാർ
പൊന്നുണ്ണി പുഞ്ചിരി പൊഴിച്ചപ്പോൾ
പുൽക്കൂടുനിറഞ്ഞൊരു പൊൻകൊട്ടാരം

ആകാശപൂപന്തൽ തീത്തോരിക്കൽ
ഭൂമിയാം പൂമെത്ത നെയ്യുവനേ
പൂമെത്തയില്ലേ നിനക്കുറങ്ങാൻ
പൂമുററമില്ലേ കളിച്ചിറങ്ങാൻ

ഭൂമിയിലീറങ്ങിയതാരകമോ
ഭൂമിയെ പ്രേമിച്ച സ്വർഗ്ഗമോ നീ
ഭൂസ്വർഗ്ഗഭംഗികൾ മെനഞ്ഞെടുത്ത
പൂമേനി സൂര്യനായുദിച്ചുയർന്നേ (പുൽക്കൂട്ടിൽ)

5

പൂമ്പാററെ പൂമ്പാററെ
പൂങ്കാററിൽ പൂങ്കാററിൽ
നീന്തിയെത്തുന്നതെന്തേ...നീ
തേടിയെത്തുന്നതാരേ.....

പൂന്തേനുണ്ണാനോ
പൂളകം പകരാനോ
പൂമ്പൊടി വാരിത്തരാമോ...നീ
പൂമ്പൊടി വാരിത്തരാമോ (പൂമ്പാററെ)

മധുപകരാൻ മധുപകരാൻ
മലരിൽ മനസ്സിനുമോഹം
മലരിൻ മനസ്സിനു മോഹം (പൂമ്പാററെ)

CMI Works
00084127
K100 AB34

CMI W
14
BANG
AG
DHARMAR